"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എ1/203/2020/ഊ.വ
ഊർജ്ജ(എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/12/2020

**<u>സർക്കുലർ</u>**

വിഷയം:- ഊർജ്ജ വകുപ്പ്-ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം-സംബന്ധിച്ച്

സൂചന:- എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 05/10/2020 ലെ EMC/498/2020/SECY നമ്പർ കത്ത്.

**********************

ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജസംരക്ഷണദിനമായി ആചരിച്ച വരികയാണ്. കേരളത്തിൽ നവംബർ 15 മുതൽ ഡിസംബർ 14 വരെ വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളോടുകൂടി ഊർജ്ജസംരക്ഷണ മാസമായി ആചരിച്ച വരുന്നു. കോവിഡ് 19 പ്രോട്ടോക്കോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാവർഷവും നടത്തി വരുന്ന ഊർജ്ജസംരക്ഷണദിന പ്രതിജ്ഞ മാറ്റിവെക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പകരം ദിനാചരണത്തിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലെയും നോട്ടീസ് ബോർഡിൽ ഊർജ്ജസംരക്ഷണദിന സന്ദേശം പതിപ്പിക്കേണ്ടതും ബന്ധപ്പെട്ടമേഖലകളിലും നിത്യജീവിതത്തിലും ഊർജ്ജസംരക്ഷണം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>ഊർജ്ജസംരക്ഷണ സന്ദേശം ചുവടെ ചേർക്കുന്നു</u>**

**നാം അധിവസിക്കുന്ന ഭൂമിയുടെ നിലനില്പിന്അന്തരീക്ഷ മലിനീകരണം കുറക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഖനിജ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിനുള്ള പ്രയത്നങ്ങളാണ് എല്ലാ മേഖലകളിലും നടന്നു വരുന്നത്. ഇതിനായി വളരെ പ്രാധാന്യത്തോടുകൂടി നോക്കിക്കാണുന്ന രണ്ടു മേഖലകളാണ് ഊർജ്ജസംരക്ഷണവും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനവും. നിത്യജീവിതത്തിൽ അതിനായി നമുക്ക് ഒരുപാട് അവസരങ്ങളുണ്ട്. വൈദ്യുതിയുടെ അനാവശ്യച്ചെലവ് ഒഴിവാക്കുക, കാര്യക്ഷമമായ വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുക, സൗരോർജ്ജം കൊണ്ട് വൈദ്യുതീകരണം നടത്തുക, പാചകവാതകം കാര്യക്ഷമമായി ഉപയോഗിക്കുക, ഇന്ധന കാര്യക്ഷമതയ്ക്കായി വാഹനങ്ങളുടെ ഉപയോഗം ക്രമീകരിക്കുക, ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ നമുക്ക് പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കും. ഊർജ്ജസംരക്ഷണദിനമായ ഇന്ന് ഇത്തരം കാര്യങ്ങൾ വളരെ ഗൗരവമായി ചിന്തിച്ച് ആയത് പ്രാവർത്തികമാക്കുന്നതിനും,സാമ്പത്തിക ലാഭം എന്നതിലുപരി ശുദ്ധമായ വായു ലഭിക്കുന്ന നല്ല ഒരു അന്തരീക്ഷം സാധ്യമാക്കി ഭൂമിയുടെ നിലനില്പിന് നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാവുന്നതാണ്.**

**സൈജെൻ ജെ ആലപ്പാട്**
**അണ്ടർ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടേറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടേറിയേറ്റിലെ എല്ലാ ഓഫീസർമാർക്കും

സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)

എല്ലാ ജില്ലാകളക്ടർമാർക്കും

സർക്കാരിന്‌കീഴിൽവരുന്ന ബന്ധപ്പെട്ടഡയറക്ടറേറ്റ് ,വകുപ്പ് എന്നിവയിലെ ,എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാപൊതുമേഖലാസ്ഥാപനങ്ങളടെയും,സർക്കാരിന്റെ മറ്റ് അനുബന്ധസ്ഥാപനങ്ങളുടെയും മേധാവികൾക്ക്.

പകർപ്പ്

ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു: മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു: പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

ഡെപ്യൂട്ടി സെക്രട്ടറി, പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ്

ചീഫ് സെക്യൂരിറ്റി ഓഫീസർ, സെക്രട്ടേറിയേറ്റ്

പൊതുഭരണ ( ഹൗസ് കീപ്പിംഗ് ) വകുപ്പ്

പൊതുഭരണ ( പൊളിറ്റിക്കൽ) വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

വെബ് & ന്യൂ മീഡിയ വിഭാഗം, ഐ & പി. ആർ. ഡി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHAMEEM MUHAMMED B M
Date: 2020.12.09 16:34:03 IST
Reason: Approved

സെക്ഷൻ ഓഫീസർ.